# വിരലമർത്താം
# വരയ്ക്കാം

അരവിന്ദ് ഗുപ്ത



പുനരാഖ്യാനം നവനീത് കൃഷ്ണൻ എസ്

ചിത്രീകരണം വിധുല മെഹ്യ്സ്കർ

pothujana vayanasala &gr

PVG
CHEMMARAVAYAL
5502
5502



# വിരലമർത്താം വരയ്ക്കാം

അരവിന്ദ് ഗുപ്ത

പുനരാഖ്യാനം നവനീത് കൃഷ്ണൻ എസ്

ചിത്രീകരണം വിധുല മെഹ്യ്സ്കർ

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



55:02

## എന്റെ വിരലടയാളം എന്റേതു മാത്രം!

നിങ്ങൾക്കറിയാമോ? നിങ്ങളുടെ വിരലിലെ അടയാളംപോലെ ലോകത്തൊരാൾക്കും വിരലടയാളം ഉണ്ടാവില്ല. വിരലടയാളം വച്ച് നിരവധി വിരൽച്ചിത്രങ്ങൾ വരയ്ക്കാം. അതിനുവേണ്ടത് ഒരു മഷിപ്പാഡും ഒരു സ്കെച്ച്പേനയും മാത്രം. മഷിപ്പാഡ് കിട്ടിയില്ല എന്നു കരുതി വിഷമിക്കേണ്ടതില്ല കേട്ടോ. ഏതെങ്കിലും ഒരു ചായം വിരലിൽ പുരട്ടിയാലും മതി.

**ചില കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ**


- മഷി കൂടുതലോ വല്ലാതെ കുറവോ ഉപയോഗിക്കേണ്ട. മിതമായി മതി. രണ്ടോ മൂന്നോ വിരലടയാളം കടലാസിൽ പതിപ്പിക്കുമ്പോൾ അതു മനസ്സിലാവും.
- വിരലടയാളത്തിനു ചുറ്റും ആദ്യം ഒരു പെൻസിൽ ഉപയോഗിച്ച് ചിത്രം വരയ്ക്കാം. എന്നിട്ട് അതിനു മീതെ സ്കെച്ച്പേന വച്ച് വരച്ചാൽ മതിയാകും.
- വിവിധ നിറത്തിലുള്ള മഷിയും സ്കെച്ച്പേനകളും ഉപയോഗിച്ചാൽ ചിത്രം കൂടുതൽ മനോഹരമാക്കാം.
- ഓരോ പേജിലും ചില ചോദ്യങ്ങളും സംഭാഷണങ്ങളും ഉണ്ടാവും. അതു വായിച്ച് മറുപടി കണ്ടെത്താനും പുസ്തകത്തിൽ എഴുതാനും ശ്രമിക്കുക.

# വിരൽച്ചിത്രങ്ങൾ വരയ്ക്കേണ്ടത് എങ്ങനെ




എന്നെ വരച്ചത്
എങ്ങനെയെന്നോ?

ആദ്യം മഷിപ്പാഡിൽ
തള്ളവിരൽ അമർത്തണം






കടലാസിൽ വിരലടയാളം
പതിക്കണം.






അങ്ങനെ
വിരലടയാളം റെഡി!

5502





പിന്നെ പെൻസിൽകൊണ്ട് കണ്ണടയും കണ്ണും
മൂക്കും ചെവിയും വരയ്ക്കണം.



അങ്ങനെ ഞാനുണ്ടായി!




# ഊഞ്ഞാലാടുന്ന കുട്ടിയും മറ്റു കൂട്ടുകാരും



**വി**രലടയാളവും ലളിതമായ വരകളും ചേർത്ത് മനോഹരങ്ങളായ വിരൽ ചിത്രങ്ങൾ നമുക്കു വരയ്ക്കാം. ഇതാ അവയിൽ ചിലത്. വരച്ചു പഠിക്കാൻ എളുപ്പമാണ് ഈ വിരൽച്ചിത്രങ്ങൾ. നമുക്കു തുടങ്ങിയാലോ?





ഇവരെന്താവും
സംസാരിക്കുന്നത്?












ഇവർ എന്താവും
ചെയ്യുന്നത്? കണ്ടെത്തൂ.








മീൻ പിടിക്കാൻ പോരുന്നോ?
ഹൈലേസാ....
ഹൈലേസാ





വണ്ടിയും വലിച്ച് കുതിര എങ്ങോട്ടാവും പോകുന്നത്?












എല്ലാവരും നല്ല തിരക്കിലാണ്. എന്താവും......












## ......അവർ ചെയ്യുന്നത്?








# പീലി വിടർത്തിയാടും മയിലും മറ്റു കിളികളും

**നേർ**വരകൾ കൊണ്ടുള്ള ചിത്രങ്ങൾ എളുപ്പമായിരുന്നു. ഇനി മറ്റു വരകൾ കൂടി പരിശീലിക്കണം. വിരൽച്ചിത്രങ്ങളിൽ ഇനി നിറയെ കിളികളാണ്. മയിലും തത്തയും കോഴിയും മൈനയും തുടങ്ങി നിരവധി പക്ഷികൾ. അവരെ വരയ്ക്കാം, അവരോട് വർത്തമാനം പറയാം.















അവർ പറന്നുപറന്നു
പോവുകയാണ്.
എങ്ങോട്ടാവും?










വേഗം ഓടിയൊളിച്ചോളൂ..
അവർ കണ്ടാലേ
റാഞ്ചിക്കൊണ്ടു പോവും.



5'502





അമ്മക്കിളിയോട് കുഞ്ഞുങ്ങൾ
എന്താവും പറയുന്നത്?















ഞങ്ങളിൽ പക്ഷികളല്ലാത്ത ...... രണ്ടുപേരുണ്ട്. കണ്ടെത്താമോ?






















# പാട്ടുപാടാം, വരയ്ക്കാം.




**പാ**ട്ടുകാരും സംഗീതോപകരണങ്ങളും വിരൽച്ചിത്രങ്ങളായി വരയ്ക്കാം. വരച്ചുനോക്കൂ. അവരോട് പാട്ടിനെക്കുറിച്ചു വർത്തമാനം പറയൂ. കൂടെ പാടുകയും ചെയ്യൂ.








ഞങ്ങളെ വരച്ചാൽ മാത്രം പോരാ കേട്ടോ.
പാടുകയും വേണം.





# അക്വേറിയത്തിലെ മീനും മറ്റു കൂട്ടുകാരും

ഇനി വെള്ളത്തിൽ ജീവിക്കുന്ന ജീവികളെ വരയ്ക്കാം. കൂടുതലും മീനുകളാണ്. കരയിലും വെള്ളത്തിലും ജീവിക്കുന്ന തവളയും കൂടെയുണ്ട് കേട്ടോ. കടലാസെടുത്തു വിരലമർത്തൂ. അതിനു ചുറ്റും പേനയുപയോഗിച്ച് ചിത്രം വരയ്ക്കൂ..







എന്റെ ചിത്രം ആദ്യം വരയ്ക്കാമോ?







# ആനയും കുതിരയും പശുവും മറ്റു കൂട്ടുകാരും





ഒട്ടേറെ ജീവികളുണ്ട് ഭൂമിയിൽ. പലരെയും നിങ്ങൾ കണ്ടിരിക്കും. ചിലരെ ഇതു വരെ നേരിൽ കണ്ടിട്ടുണ്ടാവില്ല. അങ്ങനെയുള്ള കുറെ ജീവികളെ വരയ്ക്കാൻ ഒരു അവസരമാണ് ഇനി. അവയെ വരയ്ക്കൂ. അവയെ അറിയാനും ശ്രമിക്കൂ.















ആർക്കാവും ശക്തി?
ആനയ്ക്കോ, മുതലയ്ക്കോ?










ഞങ്ങളിൽ ആരെയാണ് നിങ്ങൾക്ക് ഏറെയിഷ്ടം?


ഇവരിൽ ഏറ്റവും പതിയെ പോകുന്ന
ആളെ കണ്ടെത്താമോ?


















ചുമരിലൂടെ കയറിപ്പോകാൻ ഇവരിലൊരാൾക്കേ പറ്റൂ. അത് ആരായിരിക്കും?


















മരുഭൂമിയിലെ കപ്പലെന്നാ എല്ലാരും
എന്നെ വിളിക്കുന്നത്.











എല്ലാരും
എന്റെ കുത്തു കൊള്ളാതെ
സൂക്ഷിച്ചോളൂ.











# ദിനോസറുകളെ ചങ്ങാതിമാരാക്കാം

മനുഷ്യരൊക്കെ ഉണ്ടാവുന്നതിനും ഏറെയേറെക്കാലം മുൻപ് ഭൂമിയിൽ ഉണ്ടായിരുന്ന ജീവികളാണ് ദിനോസറുകൾ. വലിയ പല്ലി എന്നാണത്രേ ആ പേരിന്റെ അർത്ഥം. അവയുടെ ചിത്രമാണ് വിരലടയാളം ഉപയോഗിച്ച് ഇനി വരയ്ക്കാൻ പോകുന്നത്. ചിത്രം വരച്ചാൽ മാത്രം പോരാ കേട്ടോ. ദിനോസറുകളെക്കുറിച്ച് അറിയാനും ശ്രമിക്കണം.










ആനയെക്കാളും വലിയ ജീവികളായിരുന്നു ഞങ്ങൾ!



# ഹെലികോപ്റ്ററും കാറും മറ്റു വണ്ടികളും



ഇനി വാഹനങ്ങളാണ്. കാറും ഓട്ടോറിക്ഷയും ഹെലികോപ്റ്ററും... അങ്ങനെ. ചിലത് റോഡിലൂടെ ഓടുന്നവ. ചിലതു വെള്ളത്തിലൂടെ, ചിലത് ആകാശത്തൂടെ. അവയെ വരയ്ക്കാനും എളുപ്പമാണ്. എല്ലാം കുഞ്ഞുകുഞ്ഞു വരകൾ മാത്രം. വിരലടയാളം കൂടിയാകുമ്പോൾ നിങ്ങളുടെ ഇഷ്ടവാഹനം റെഡി. എന്താ, അപ്പോൾ വരച്ചു തുടങ്ങാമല്ലോ?





ഹെലികോപ്റ്റർ കണ്ടിട്ട്
വലിയൊരു തുമ്പിയെപ്പോലെ തോന്നുന്നോ?








വെള്ളത്തിനടിയിൽക്കൂടിയാണ്
മുങ്ങിക്കപ്പലുകളുടെ യാത്ര








ബൈക്കാണോ ഓടിക്കുന്നത്?
എങ്കിൽ എന്നെ കൂടെക്കൂട്ടിക്കോളൂ.

# പച്ചക്കറികളും പഴങ്ങളും



പഴങ്ങളും പച്ചക്കറികളും വരയ്ക്കാനും വിരൽച്ചിത്രം ഉപയോഗിക്കാം. മാങ്ങയും ചക്കയും തേങ്ങയും എല്ലാം വിരലടയാളങ്ങളിലൂടെ വരച്ചെടുക്കാം. ഏറ്റവും ഇഷ്ടമുള്ള പടം ആദ്യം വരയ്ക്കാൻ ശ്രമിച്ചുനോക്കൂ. നിങ്ങൾക്കതിനു കഴിയും.










ലോകത്തെ ഏറ്റവും വലിയ പഴമാണ് നമ്മുടെ ചക്ക.











ഹായ്! മുന്തിരി..







ഏറ്റവും സ്വാദ് ഏതിനാവും?





# പൂക്കളും ചെടികളും




എന്തു രസമാണല്ലേ പൂക്കൾ കാണാൻ. പൂക്കളില്ലാത്ത ചെടികൾ വളരെ കുറവാണ്. വിരലടയാളത്തിൽനിന്നും പൂക്കളും ചെടികളും വരയ്ക്കാൻ എളുപ്പമാണ്. ആർക്കും അല്പം ശ്രമിച്ചാൽ നല്ല രീതിയിൽ പൂക്കളെ വരയ്ക്കാം.












എന്നെ തൊടരുത്.
മുള്ളുകൊള്ളും.





# എത്ര തരം മനുഷ്യർ

ചിത്രം വരയ്ക്കാനറിയാത്തവർപോലും മനുഷ്യരുടെ മുഖം വരച്ചു നോക്കിയിട്ടുണ്ടാവും. കണ്ണും മൂക്കും ചുണ്ടും വന്നാൽത്തന്നെ ഒരു മുഖമായി. വിരലടയാളം കൊണ്ട് മനുഷ്യരെയും മുഖങ്ങളെയും കൂടുതൽ ഭംഗിയായി വരയ്ക്കാം. ശ്രമിച്ചു നോക്കൂ.










ഓരോരുത്തരും എത്ര വ്യത്യസ്തരാ, അല്ലേ?











ഞങ്ങൾ ചങ്ങാതിമാർ..
ഞങ്ങൾക്കൊപ്പം കൂടുന്നോ?








പല പല ജോലി
പല പല വേഷം














കഥകളിലെ കഥാപാത്രങ്ങൾക്ക്
ഏറെ രസകരമായ വേഷങ്ങൾ.













തൊപ്പിയുള്ളത്,
കൊമ്പുള്ളത്,
ഉണ്ടക്കണ്ണുള്ളത്...














ഒരേ വിരലടയാളം.




പക്ഷേ എത്രയെത്ര

വിചിത്രവേഷങ്ങൾ!




# മെഴുകുതിരി മുതൽ വിചിത്രജീവികൾ വരെ




നമുക്കു ചുറ്റും എത്രയോ വസ്തുക്കൾ, എത്രയോ ജീവികൾ. വിളക്കും ചെരുപ്പും വാച്ചും മുതൽ സാങ്കല്പികജീവികളെവരെ വരയ്ക്കാൻ വിരലടയാളം ഉപയോഗിക്കാം. ഓരോന്നും വരച്ചു പരിശീലിക്കൂ.















ബലൂണിൽക്കയറി
പറക്കാൻ ഇഷ്ടമാണോ?











പാട്ടു കേട്ടാലോ?



കാപ്പി കുടിച്ചാലോ?













സമയം നോക്കിയാലോ?












ഇവയിൽ ഏതെല്ലാം നിങ്ങൾ കണ്ടിട്ടുണ്ട്?



















ഇതുപോലെ പുതിയ പുതിയ
ചിത്രങ്ങൾ സ്വന്തമായി
വരയ്ക്കാൻ മറക്കല്ലേ.





















# ഗാന്ധിയപ്പൂപ്പന്റെ കഥ



**ഗാന്ധിയപ്പൂപ്പന്റെ** ചിത്രം കണ്ടിട്ടില്ലേ? ഒന്നോ രണ്ടോ വരകൾ മാത്രം മതി. നമുക്ക് ഗാന്ധിജിയെ ഓർമ്മ വരും. അദ്ദേഹത്തിന്റെ ചിത്രങ്ങൾക്കും വിരലടയാളം ഏറെ അനുയോജ്യമാണ്. ഇതിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ മാത്രമല്ല, സ്വന്തമായി ചിത്രങ്ങളുണ്ടാക്കാനും ശ്രമിക്കണം. അങ്ങനെ നല്ല പടംവരക്കാരായി മാറണം.









അദ്ദേഹം എന്താവും
പാചകം ചെയ്യുന്നത്?





ഇനി പുതിയ രൂപങ്ങൾ കണ്ടെത്തേണ്ടത് നിങ്ങളാണ്.

PVG
CHEMMARAVAYAL
5502

# വിരലമർത്താം
# വരയ്ക്കാം

**അരവിന്ദ് ഗുപ്ത**



വിരൽച്ചിത്രങ്ങൾ ഒരു കലയാണ്. വിരലടയാളത്തെ മനോഹരചിത്രങ്ങളാക്കി മാറ്റുന്ന ചിത്രകല. വിരലടയാളവും കുറച്ചു വരകളും, അത്രയും മതി ഈ ചിത്രങ്ങൾ രൂപപ്പെടാൻ. നിറമുള്ള പേനകൾ കൂടിയുണ്ടെങ്കിൽ ഇവയെ മനോഹരമാക്കാം. അല്പം കലാവാസനയുള്ള ഏതൊരാൾക്കും സ്വായത്തമാക്കാവുന്ന ഈ ചിത്രകലയെ പരിചയപ്പെടുത്തുകയാണ് ഈ പുസ്തകത്തിൽ. വായിച്ചു തുടങ്ങുന്ന കുട്ടികൾക്ക് സ്വയം വായിക്കാനും ചിന്തിക്കാനും ഉതകുന്ന സംഭാഷണങ്ങളും ഇതോടൊപ്പമുണ്ട്.

വിരലമർത്തൂ, വരയ്ക്കൂ!

ISBN 938713640-X
9789387136403
6+
₹ 75.00
കാർട്ടൂൺ
KSICL 1004

pothujana vayanasala &grandhalayam